അന്വേഷണം നടന്നുവരുന്നു. ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടുകളിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടുകൾ റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ബാങ്കിലെ നിക്ഷേപം തിരികെ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്ന നിലവിലെ ബാങ്ക് ഭരണസമിതിയെ സസ്പെന്റ് ചെയ്ത് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങിയ മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കുടിശ്ശികകൾ പിരിച്ചെടുത്തും ആർബിട്രേഷൻ/ എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തിയും നിക്ഷേപം തിരികെ നൽകുന്നതിനുള്ള നടപടികൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സ്വീകരിച്ചുവരുന്നു. ബാങ്കിന്റെ ശാഖകളിലെ ജീവനക്കാരെ ഉപയോഗിച്ച് കുടിശ്ശിക പിരിച്ചെടുത്ത് നിക്ഷേപം മടക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർചാർജ്ജ് ഉത്തരവിനെതിരെ മുൻ സെക്രട്ടറി ശ്രീ. എം.ജി. വിജയകുമാർ, മുൻ പ്രസിഡന്റ് ശ്രീ. ഉണ്ണികൃഷ്ണൻ നായർ എന്നിവർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപ്പീൽ പെറ്റീഷൻ നിരസിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൺസ്യൂമർഫെഡിന്റെ സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ

120 (465) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ;

(സി) ഇത്തരം പ്രവണതകൾ തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) കൺസ്യൂമർഫെഡ് സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽമൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 18-12-2014-ൽ നടന്ന കൺസ്യൂമർ ഫെഡറേഷൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തിയ ഡയറക്ടർമാരുടെയും സോണൽ മാനേജർമാരുടെയും റീജിയണൽ മാനേജർമാരുടെയും യോഗത്തിൽ തിരുവേണി/നന്മ സ്റ്റോറുകളുടെ പ്രവർത്തനം വിശദമായി അവലോകനം ചെയ്യുകയും കേന്ദ്ര ട്രേഡ് യൂണിയൻ നേതാക്കളുമായി ഇത് സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത ചർച്ചയിൽ ഉരുത്തിരിഞ്ഞ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു :

1. നന്മ പായ്ക്കിംഗ് ഗോഡൗണുകളിൽ നടത്തിവരുന്ന പായ്ക്കിംഗ് ജോലികൾ നന്മ സ്റ്റോറുകളിൽ തന്നെ നടത്തുന്നതു വഴി നന്മ പായ്ക്കിംഗ് സെന്ററുകളുടെ വാടക, ഇലക്ട്രിസിറ്റി, മറ്റ് അനുബന്ധ ചെലവുകൾ, പായ്ക്കിംഗ് ചാർജ്ജസ് എന്നിവ ഒഴിവാക്കാൻ കഴിയും.

2. ഒരു ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ മാത്രം നീതി വിതരണ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുക.

3. വിൽപ്പന തീരെ കുറഞ്ഞവയും വിൽപ്പന വർദ്ധിപ്പിക്കാൻ തീരെ സാധ്യതയില്ലാത്തതുമായ നന്മ സ്റ്റോറുകൾ നിർത്തലാക്കുക.

4. സർക്കാരിൽനിന്നും ഉത്സവകാല സബ്സിഡി, കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളതും കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിന് ധനസഹായ ബാങ്കുകൾ വിമുഖത കാണിക്കുന്നതും കൺസ്യൂമർ ഫെഡറേഷന്റെ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന് കാരണമായിട്ടുണ്ട്.

(സി) എല്ലാ നന്മ പായ്ക്കിംഗ് ഗോഡൗണുകളും നിർത്തലാക്കിക്കൊണ്ട് അവയുടെ പ്രവർത്തനം നന്മ സ്റ്റോറുകളിൽ തന്നെ നടത്തുന്നതിനും ഒരു ജില്ലയിൽ ഒരു നീതി ഗോഡൗൺ എന്ന നിലയിൽ നിലനിർത്തിക്കൊണ്ട് മറ്റുള്ളവ നിർത്തലാക്കുന്നതിനും വിൽപ്പന തീരെ കുറഞ്ഞവയും മേലിൽ വർദ്ധിപ്പിക്കാൻ തീരെ സാധ്യതയില്ലാത്തതുമായ നന്മ സ്റ്റോറുകൾ നിർത്തലാക്കുന്നതിനും ഫെഡറേഷൻ ഭരണ സമിതി യോഗം തീരുമാനിക്കുകയും ആദ്യഘട്ടത്തിൽ നന്മ സ്റ്റോർ ഒഴികെയുള്ളവ നിർത്തലാക്കിയിട്ടുമുണ്ട്. അടച്ചുപൂട്ടലിന് പ്രധാനകാരണമായ വിൽപ്പന സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് വിദേശമദ്യ വ്യാപാരം ഉൾപ്പെടെയുള്ള മറ്റ് ഡിവിഷനുകളിലെ വിൽപ്പന മാർജിൻ ഉപയോഗിച്ച് യൂണിറ്റുകളിൽ പരമാവധി സ്റ്റോക്ക് എത്തിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം കൺസ്യൂമർ ഫെഡറേഷൻ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൺസ്യൂമർഫെഡ് സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽമൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ മറ്റ് യൂണിറ്റുകളിലേക്ക് പുനർവിന്യസിപ്പിച്ചും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൺസ്യൂമർഫെഡിന്റെ സ്റ്റോറുകൾ

121 (466) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോർ, നന്മ സ്റ്റോർ, നീതി സ്റ്റോർ എന്നിവയുടെ എത്ര വീതം ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത സ്റ്റോറുകളുടെ 2014-15 സാമ്പത്തിക വർഷത്തെ വിറ്റുവരവ് എത്ര കോടി രൂപയാണ് ;

(സി) അടുത്ത കാലത്ത് ചില ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടുകയുണ്ടായോ ; എങ്കിൽ എത്ര എണ്ണം വീതം അടച്ചുപൂട്ടി ;

(ഡി) അടച്ചുപൂട്ടിയതിന്റെ കാരണം വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് വൻ വിലക്കയറ്റം അനുഭവപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത സ്റ്റോറുകളെ ജനോപകാരപ്രദമായരീതിയിൽ നിലനിർത്തികൊണ്ട് പോകുന്നതിന് കൺസ്യൂമർഫെഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ 232 ത്രിവേണി സ്റ്റോറുകളും 806 നന്മ സ്റ്റോറുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. നീതി സ്റ്റോറിന്റെ ഔട്ട്ലെറ്റുകൾ കൺസ്യൂമർഫെഡിൻകീഴിൽ പ്രവർത്തിക്കുന്നില്ല.

(ബി) 2014-15 വർഷത്തിൽ ത്രിവേണി വിഭാഗത്തിലൂടെ 145.70 കോടി രൂപയുടെയും നന്മ സ്റ്റോറുകളിലൂടെ 126.88 കോടി രൂപയുടെയും വിറ്റുവരവ് കൈവരിച്ചിട്ടുണ്ട്.

(സി) അടുത്ത കാലത്ത് വിവിധ ജില്ലകളിലായി 63 നന്മ സ്റ്റോറുകളും 30 ത്രിവേണി സ്റ്റോറുകളും നിർത്തലാക്കിയിട്ടുണ്ട്.

(ഡി) സാമ്പത്തിക പ്രതിസന്ധിമൂലം വിൽപ്പനയ്ക്ക് ആവശ്യമായ അളവിൽ സാധനങ്ങൾ എത്തിക്കാൻ കഴിയാതെ വന്നതിനെ തുടർന്ന് വില്പന കുറയുകയും പല ത്രിവേണി/നന്മ സ്റ്റോറുകൾ നഷ്ടത്തിലാവുകയും ചെയ്ത സാഹചര്യത്തിൽ ത്രിവേണി/നന്മ സ്റ്റോറുകൾ അടച്ചുപൂട്ടേണ്ടിവന്നു.

LIBRARY ARCHIVES Kerala Legislative Assembly